സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ദേശീയ പെൻഷൻ പദ്ധതി - സേവന കാലയളവിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-I** **നന്തൻകോട്, 17/10/2026**

---

പരാമർശം ഃ- 1) 05-02-2018 ലെ മേൽ നമ്പർ ഉത്തരവ്.
2) 13-09-2023 ലെ മേൽ നമ്പർ സർക്കുലർ
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 09-12-2024 ലെ DA 874/24/23/B4 നമ്പർ റിപ്പോർട്ട്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 11-06-2026 ലെ DA 874/24/23/B4 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ, പാർട്ട്ടൈം ജീവനക്കാർ എന്നീ വിഭാഗങ്ങൾ ഒഴികെ 01-04-2013 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം 1).

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായ ശേഷം സേവനകാലയളവിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിൽ NPS മുഖേനയോ മറ്റേതെങ്കിലും രീതിയിലോ ഫാമിലി പെൻഷൻ ലഭിക്കാൻ അർഹതയില്ലാത്തതാണെന്നും ആശ്രിത നിയമന വ്യവസ്ഥ പ്രകാരം തൊഴിൽ ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുകളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ അനുമതിയോടു കൂടി സമാന രീതിയിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് NPS നടപ്പിലാക്കിയിട്ടുള്ളതെന്നും അതുകൊണ്ടുതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സേവനകാലയളവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം തൊഴിൽ ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം അനുവദിക്കുന്നതിനും കൂടാതെ NPS അക്കൗണ്ടിൽ ഉള്ള തുക പിൻവലിക്കുന്നതിന് ഒരു പൊതുഉത്തരവ് പുറപ്പെടുവിക്കുന്നതിനും

ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം 3,4 ).

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

NPS ൽ അംഗമായിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ ധനസഹായ പദ്ധതി സർക്കാർ അംഗീകരിച്ച പ്രകാരം (30 % of the basic pay of the last drawn salary) എന്ന നിരക്കിൽ ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെ അനുവദിക്കണമെന്ന നിർദ്ദേശം അംഗീകരിച്ചും സർക്കാർ ഉത്തരവ് പ്രകാരമുള്ള സമയവ്യവസ്ഥയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ഇത് ബാധകമാക്കുന്നതിന് തീരുമാനിച്ചും ബോർഡുത്തരവാകുന്നു.

1. ഈ ആനുകൂല്യം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് PFRDA കുടുംബ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് വരെ മാത്രമായിരിക്കും.

2. നിലവിലുള്ള ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ഈ ആനുകൂല്യം അവകാശികൾക്ക് തൊഴിൽ ലഭിക്കുന്നത് വരെയും ആശ്രിത നിയമന വ്യവസ്ഥ പ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ ഈ ആനുകൂല്യം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട നിർദ്ദിഷ്ട സമയപരിധി വരെയും മാത്രമേ ലഭ്യമാവുകയുള്ളൂ.

3. ഇതിന് 01-04-2013 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കും.

4. ഈ ആനുകൂല്യം താഴെപറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാ ക്രമത്തിൽ അനുവദിക്കാവുന്നതാണ്.

   (a) ഭാര്യ/ഭർത്താവിന്

   (b) 25 വയസ്സിന് താഴെയുള്ള മകൻ/മകൾക്ക് (വിവാഹിതരാകുന്നത് വരെയൊ തൊഴിൽ ലഭിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ, നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ വയസ്സിന്റെ മുൻഗണനാ ക്രമത്തിൽ)

   (c) മരണമടയുന്ന ജീവനക്കാരൻ അവിവാഹിതൻ/അവിവാഹിത ആണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് KSR Part 3 Rule 90(6A) നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ജീവിതാവസാനം വരെ നൽകുന്നതാണ്.

5. ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്ന മുഴുവൻ രേഖകളുടേയും രണ്ട് പകർപ്പുകൾ മരണപ്പെട്ട ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത സ്ഥാപനത്തിന്റെ മേധാവിക്ക് ജീവനക്കാരന്റെ ആശ്രിതൻ/ആശ്രിത സമർപ്പിക്കേണ്ടതാണ്.

6. ആഫീസ് മേധാവി അപേക്ഷകൾ പരിശോധിച്ചതിനുശേഷം മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളവും മറ്റ് വിവരങ്ങളും ശുപാർശ സഹിതം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നോഡൽ ആഫീസായ ദേവസ്വം കമ്മീഷണർ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

7. ദേവസ്വം കമ്മീഷണർ ആഫീസിൽ പ്രസ്തുത അപേക്ഷ പരിശോധിച്ച ശേഷം അവസാനമായി ജോലി ചെയ്ത ആഫീസ് മേധാവിയുടെ ശുപാർശയുടെ വെളിച്ചത്തിൽ മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 % ത്തിന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് ദേവസ്വം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ദേവസ്വം അക്കൗണ്ട്സ് ആഫീസിലേക്കും അപേക്ഷകനും കൂടാതെ അവസാനം ജോലി ചെയ്ത ആഫീസ് മേധാവിയ്ക്കും നൽകേണ്ടതുമാണ്.

8. ദേവസ്വം അക്കൗണ്ട്സ് ആഫീസിലേക്ക് ഉത്തരവിനൊപ്പം അപേക്ഷയുടെ പകർപ്പ് കൂടി നൽകേണ്ടതും ദേവസ്വം അക്കൗണ്ട്സ് ആഫീസർ അപേക്ഷയ്ക്ക് PPO നമ്പറിന് സമാനമായ (FRA NUMBER) ഒരു നമ്പർ നൽകേണ്ടതും പിന്നീട് അനുവദിച്ച തുക ബഡ്ജറ്റിലെ പ്രത്യേക ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകേണ്ടതുമാണ്. 1(H) PENSIONARY CONTRIBUTION b2. Financial Relief Aid എന്ന ശീർഷകം അനുവദിക്കുന്നതും (b), (b1) എന്നീ ഉപശീർഷകങ്ങളിൽ നിന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് ഫണ്ട് b2 ഉപശീർഷകത്തിലേക്ക് വകമാറ്റാവുന്നതാണ്.

9. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ദേവസ്വം കമ്മീഷണർ യഥാസമയം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജീവനക്കാരൻ/ജീവനക്കാരി/ ആശ്രിതർ അനർഹമായി ആശ്വാസ ധനസഹായം കൈപ്പറ്റുന്നത് വഴി ബോർഡിന് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശസഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്. നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസം/അല്ലെങ്കിൽ ജോയിൻ ചെയ്യുന്ന തീയതി ഏതാണോ ആദ്യം ആ തീയതി മുതൽ ആശ്വാസ ധനസഹായം നൽകാൻ പാടില്ലാത്തതാകുന്നു.

10. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട ആഫീസ് മേധാവികൾ ഇതോടൊപ്പം ചേർത്തിട്ടുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതും ആയത് താമസംവിനാ ദേവസ്വം അക്കൗണ്ട്സ് ആഫീസിലും ദേവസ്വം കമ്മീഷണർ ആഫീസിലും അയച്ചു നൽകേണ്ടതും ആണ്.

11. സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർക്ക് അനുവദിച്ച അശ്വാസ ധനസഹായം നിർത്തലാക്കാൻ ദേവസ്വം അക്കൗണ്ട്സ് ആഫീസർ ശ്രദ്ധിക്കേണ്ടതാണ്.

12. ശമ്പളവും ആശ്വാസ ധനസഹായവും ഒരുമിച്ച് വാങ്ങുന്ന സന്ദർഭം ഉണ്ടായാൽ ജീവനക്കാരന്റെ തൊട്ടടുത്ത മാസത്തെ ശമ്പളത്തിൽ നിന്നും മുഴുവൻ തുകയും 18 % പലിശ സഹിതം വസൂലാക്കുന്നതും ജീവനക്കാരനെതിരെ വകുപ്പുതല നടപടി കൈക്കൊളളുന്നതുമാണ്.

13. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിക്കുളളിൽ അപേക്ഷ സമർപ്പിക്കാതെയിരിക്കുകയോ ജോലി സ്വീകരിക്കാതെയിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ആഫീസ് മേധാവി പ്രസ്തുത വിവരം ദേവസ്വം കമ്മീഷണർ ആഫീസിലും ദേവസ്വം അക്കൗണ്ട്സ് ആഫീസിലും അറിയിക്കേണ്ടതാണ്.

14. ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുന്ന 2 വർഷം വരെയും അർഹതയുളളവർ പ്രായപൂർത്തിയാകാത്തവർ ആണെങ്കിൽ അവർ പ്രായപൂർത്തിയായതിനുശേഷം 3 വർഷം വരെയും തുക അനുവദിക്കുന്നതാണ്.

15. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം കഴിച്ചിട്ടില്ല എന്ന സർട്ടിഫക്കറ്റ്, ആശ്രിതന് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന, ആശ്വാസ ധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ എല്ലാ വർഷവും സെപ്റ്റംബർ മാസം ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ഹാജരാക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർന്ന് ആശ്വാസ ധനസഹായം നൽകുവാൻ പാടുളളൂ.

16. ആശ്വാസ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം കഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇതോടൊപ്പം ചേർത്തിട്ടുളള മാതൃകയിൽ സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പവും ലഭ്യമാക്കേണ്ടതാണ്.

17. മരണമടയുന്ന ജീവനക്കാരൻ/ജീവനക്കാരി അവിവാഹിതൻ/ അവിവാഹിതയാണെങ്കിൽ ആശ്വാസ ധനസഹായം മാതാപിതാക്കൾക്ക് അനുവദിച്ച് നൽകുന്നതിനായി മാതാപിതാക്കൾ സംയുക്ത അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സംയുക്ത അപേക്ഷ ലഭ്യമാകുന്നപക്ഷം ആശ്വാസ ധനസഹായം മാതാപിതാക്കൾക്ക് തുല്യമായി ഭാഗിച്ചു നൽകേണ്ടതാണ്.

18. സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെട്ടതും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുന്നതുമായ ജീവനക്കാരനാണ് മരണപ്പെട്ടിരിക്കുന്നതെങ്കിൽ ടിയാന് റെഗുലർ തസ്തികയിൽ നിയമനം ലഭിച്ച തീയതി അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും

നിയമനാധികാരി ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതു മാണ്.

19. ആശ്വാസ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷാ തീയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

20. അപേക്ഷകന്റെ ജനന തീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

21. ശമ്പളപരിഷ്ക്കരണ തീയതിക്ക് ശേഷം മരണപ്പെടുന്ന ജീവനക്കാരൻ/ജീവനക്കാരി ആണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് അപേക്ഷയ്ക്കൊപ്പം ലഭ്യമാക്കേണ്ടത്.

22. ആശ്വാസ ധനസഹായം ലഭിക്കേണ്ട വ്യക്തി മൈനർ ആണെങ്കിൽ റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന GUARDIANSHIP സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

23. ആശ്വാസ ധനസഹായം ലഭിക്കേണ്ട വ്യക്തി നിയമാനുസൃത അവകാശ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഇതോടൊപ്പം അനുബന്ധം ആയി ചേർത്തിട്ടുള്ള ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് എന്നിവ കൂടി അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.

24. മരണപ്പെട്ട വ്യക്തിയുടെ NPS അക്കൗണ്ടിലുള്ള തുക പിൻവലിക്കുന്നതിനായി ഇതോടൊപ്പം ചേർത്തിട്ടുള്ള "FORM FOR WITHDRAWAL BY CLAIMANT DUE TO DEATH OF GOVERNMENT EMPLOYEES" അതിൽ നിഷ്കർഷിച്ചിട്ടുള്ള വിധം അവകാശി പൂരിപ്പിച്ച് ആഫീസ് മേധാവി മുഖേന ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. ഇത് ദേവസ്വം കമ്മീഷണർ പരിശോധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് കൈമാറേണ്ടതും അതിന്മേൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർ നിയമാനുസൃതമായ സത്വര തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

25. ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിൽ തുടരവെ മരണമടയുകയോ സേവനത്തിൽ നിന്നും വിരമിക്കുകയോ ചെയ്യുന്ന ജീവനക്കാരുടെ അവസാന മാസത്തെ ശമ്പളത്തിൽ നിന്നും NPS വ്യക്തിഗത വിഹിതം കിഴിവ് ചെയ്ത് പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതില്ല. മറിച്ച് ആ മാസത്തെ ജീവനക്കാരന്റെ വിഹിതവും സ്ഥാപന വിഹിതവും ചേർത്ത് അവസാന മാസത്തെ ശമ്പളത്തോടൊപ്പം ജീവനക്കാരന് നേരിട്ട് നൽകേണ്ടതും എന്തെങ്കിലും കാരണവശാൽ പ്രാൺ അക്കൗണ്ട് ക്ലോസ് ചെയ്തു പോയിട്ടുണ്ടെങ്കിൽ കുടിശ്ശിക ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുകയിൽ നിന്നും വിഹിതം ഈടാക്കേണ്ടതില്ലാത്തതും NPS വിഹിതത്തിന് ആനുപാതികമായ തുക ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കി നൽകേണ്ടതുമാണ്.

എന്നാൽ മരണപ്പെട്ട വ്യക്തിക്ക് ലഭിക്കാനുള്ള NPS സ്ഥാപന വിഹിതം പ്രാൺ അക്കൗണ്ടിൽ നോമിനി (കൾ) ആയി ചേർത്തിട്ടുള്ള വ്യക്തിക്ക് നൽകേണ്ടതാണ്.

26. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ NPS ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതിനാൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിൽ തുടരവെ മരണമടയുകയോ സേവനത്തിൽ നിന്നും വിരമിക്കുകയൊ ചെയ്യുന്ന ജീവനക്കാരുടെ അരിയർ തുക NPS അക്കൗണ്ടിൽ അടയ്ക്കാനായി അവശേഷിക്കുന്നുണ്ടെങ്കിൽ പ്രസ്തുത തുക അതാത് ആഫീസ് മേധാവികൾ തിട്ടപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതും ദേവസ്വം കമ്മീഷണർ ആഫീസിൽ പ്രസ്തുത അപേക്ഷ പരിശോധിച്ചശേഷം അതിന് തുല്യമായ സ്ഥാപനവിഹിതം ദേവസ്വം അക്കൗണ്ട്സ് ആഫിസർ മുഖാന്തിരം ജീവനക്കാരന്റെയോ/ നോമിനികളുടേയോ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കി നൽകേണ്ടതുമാണ്.

27. ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥ പ്രകാരം ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി ജീവനക്കാരൻ മരണമടഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വർഷം കഴിഞ്ഞ് അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ അപേക്ഷയുടെ അല്ലെങ്കിൽ സമർപ്പിക്കുന്ന രേഖകളിൽ ഏതെങ്കിലും കുറവ് വരുന്നപക്ഷം ടി രേഖ/രേഖകൾ പുന:സമർപ്പിക്കുന്ന തീയതി, ഏതാണോ അവസാനത്തേത്, ആ തീയതി മുതൽ ആശ്വാസ ധനസഹായം അനുവദിക്കുന്നതാണ്.

28. സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥ പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിന് മരണപ്പെട്ട ജീവനക്കാരന്റെ പ്രായപൂർത്തിയായ അവകാശി, ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 2 വർഷത്തിനുള്ളിലും പ്രായപൂർത്തി ആയിട്ടില്ലാത്തപക്ഷം പ്രായപൂർത്തിയായി 3 വർഷത്തിനുള്ളിലും സമാശ്വാസ തൊഴിലിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ആരെയാണോ സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥ പ്രകാരം അവകാശികൾ നാമനിർദ്ദേശം ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സമയപരിധിക്കുള്ളിൽ അനുബന്ധമായി ചേർത്തിരിക്കുന്ന സത്യവാങ്മൂലം 200/- രൂപ മുദ്രപത്രത്തിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

അനുബന്ധം :- 1) ആശ്വാസ ധനസഹായ പദ്ധതിയുടെ അപേക്ഷാ ഫാറം
2) സത്യപ്രസ്താവന
3) ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് ഫാം
4) Form for withdrawal by claimant due to death of Government employees
5) പുനർവിവാഹം ചെയ്തിട്ടില്ലാത്തതായി സാക്ഷ്യപ്പെടുത്തിയ ഫാറം

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അനുബന്ധം 1

## ആശ്വാസ ധനസഹായ പദ്ധതി അപേക്ഷ ഫോറം

31.08.2016-ലെ സ.ഉ(പി) നം.126/2016/ധന ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ഫോറം.

മരണപ്പെട്ട ജീവനക്കാരന്റെ/ജീവനക്കാരിയുടെ ...................................
(പേര്) ............................................(തസ്തിക) ...................................
(ഓഫീസ്)............................... (PEN നമ്പർ)

അപേക്ഷകന്റെ ഫോട്ടോ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്

| | | | |
|---|---|---|---|
| അപേക്ഷകന്റെ/അപേക്ഷകയുടെ പേര് | | | |
| ജീവനക്കാരനുമായുള്ള ബന്ധം | | | |
| ജീവനക്കാരൻ മരണപ്പെട്ട ദിവസം | | | |
| മരണപ്പെട്ട ജീവനക്കാരന്റെ നിയമപരമായ അവകാശികളുടെ പേരും വിലാസവും | പേര്/വിലാസം | ജനനതീയതി | വയസ്സ് |
| 1) ഭാര്യ/ഭർത്താവ് | | | |
| 2) 25 വയസിന് താഴെയുള്ള മകൻ/മകൾ | | | |
| 3) മാതാവ് | | | |
| 4) പിതാവ് | | | |

ജില്ലാ /സബ്ട്രഷറിയുടെ പേര് :
ബാങ്കിന്റെ പേര്,അക്കൗണ്ട് നമ്പർ ,IFSC code :
ആധാർ നമ്പർ
ഫോൺ നമ്പർ
ഇ മെയിൽ ID

അപേക്ഷകൻ/അപേക്ഷകയുടെ പൂർണ്ണമായ മേൽവിലാസം:

ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്.......................................................................

സാക്ഷികൾ 1)..........................................................................................

2)..........................................................................................

അനുബന്ധം 2

## സത്യപ്രസ്താവന

1) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ......................ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ................................ എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി അശ്വാസധനസഹായം അനുവദിച്ച കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. എനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിച്ചതിന് ശേഷവും ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം സർക്കാറിലേയ്ക്ക് തിരിച്ചടയ്ക്കുന്നതാണെന്നു ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി:　　　　　　　　　　　　ഒപ്പ് :
സ്ഥലം:　　　　　　　　　　　　പേര് :

**അല്ലെങ്കിൽ**

2) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ...................... ന്റെ ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ................................ എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസ ധനസഹായം അനുവദിച്ച കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി വരെ മാത്രമേ തുക കൈപ്പറ്റുകയുള്ളു എന്നും, തുടർന്ന് ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി:　　　　　　　　　　　　ഒപ്പ് :
സ്ഥലം:　　　　　　　　　　　　പേര് :

അനുബന്ധം 3

## ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്

ഫോട്ടോ പതിക്കാനുള്ള സ്ഥലം
(ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്)

## വിവരണപ്പട്ടികയും തിരിച്ചറിയൽ വിവരങ്ങളും

(ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്)

ജനന തിയ്യതി :

ഉയരം :

തിരിച്ചറിയൽ അടയാളങ്ങൾ :

1. ..............................................................................................................

2. ..............................................................................................................

ഇടത് കൈയിലെ പെരുവിരലുൾപ്പെടെയുള്ള വിരലുകളുടെ അടയാളങ്ങൾ

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | |

മാതൃകാ ഒപ്പ്

1. ..................................................

2. ..................................................

3. .................................................. സാക്ഷ്യപ്പെടുത്തിയത് ..........................................

തിയ്യതി: .................................................. ഉദ്യോഗപ്പേര് ..................................................

(കുറിപ്പ് : ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് ഫോമിന്റെ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ 2 പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്)

അനുബന്ധം 4

# NATIONAL PENSION SYSTEM (NPS)

## Exit from National Pension System Due to Death

Claim ID Acknowledgement No

To,
NPS Trust.
Sir/Madam,

Affix recent colour photograph of 3.5 cm × 2.5 cm size (Passport size)

I ______________ hereby apply for the payment of the accumulated pension wealth in NPS Tier-I account of ______________ as per the relevant provisions of the PFRDA (Exits and withdrawals under NPS) Regulations, 2015 as amended.

Tier II.- The entire accumulated pension wealth in Tier II account would be paid along with lumpsum withdrawal of Tier I account.

I herewith give below the necessary details:

*In case of female right thumb Impression and in case of male left thumb Impression may be taken.

Signature / Thumb Impression* of the Claimant / Guardian

| Sr.No | Particular | Remarks |
|---|---|---|
| **Section A - Details of the Subscriber & Claimant** | | |
| | **Subscriber Sector*** | 1. Govt. Sector ☐<br>2. All India citizens/corporate ☐<br>3. NPS Lite / GDS ☐ |
| 1. | Organisation Name* (PAO/DTO/CHO/NLAO Name) | |
| 2. | PRAN* | |
| 3 | Name of the Subscriber* | |
| 4. | Subscriber Gender* | Male ☐ Female ☐ |
| 5. | Maiden Name (In case of female married Subscriber) | |
| 6. | Father's Name* | |
| 7. | Marital Status of the Subscriber* | Married ☐ Unmarried/Others ☐ |
| 8. | Spouse Name of the Subscriber (only if subscriber was married & Spouse is alive) | |
| 9. | Spouse Gender (only if subscriber was married & Spouse is alive) | Male ☐ Female ☐ |
| 10. | Date of Death of the Subscriber* | / / |
| 11. | Date of Birth of the Subscriber (As in PRAN Card)* | / / |
| 12. | Name of the Claimant* | |
| 13. | Aadhar/VID | |
| 14. | PAN of claimant* | |
| 15. | CKYC Number | |
| 16. | Are you a Politically Exposed Person (PEP)* | Yes ☐ No ☐ |
| 17. | Are you related to a Politically Exposed Person (PEP)* | Yes ☐ No ☐ |
| 18. | Do you have any history of conviction under any criminal proceedings in India or abroad?* | Yes ☐ No ☐ |
| | If Yes, please provide details | |
| 19. | Contact details of claimant* | Address :<br><br>Mobile No* : +91<br>Alternate Phone No :<br>Email Id* :<br>Date of Birth of Claimant (Only in case of minor) / /<br>Relationship With Subscriber :<br>Percentage Share:<br>Guardian Name (Only in case of minor) :<br>Guardian DOB (Only in case of minor) |

### Section B - Claimant's Bank Details - (Please refer instruction No. 6) "Fields marked with * are mandatory."

| | | |
|---|---|---|
| 20 | Bank Account Number* | |
| 21 | Bank Name* | |
| 22. | Replace with "Bank Branch Name and Address : Monthly pension and lump sum amount will be deposited into this account and hence fill in all details carefully.*" | |
| 23. | IFSC Code (attach a cancelled cheque leaf or copy of bank passbook /bank certificate containing IFSC code)* | |

### Section C - Claimant Withdrawal Details - (Please refer instruction No. 6)

In event of death after / before superannuation or attaining 60 / 65 years of age

a) Would you like to withdraw full amount (if less than or equal to 5 lakh for Government Subscriber) Yes ☐ No ☐

or

b) Would you like to have normal Withdrawal (Lump sum & Annuity Withdrawal)* Yes ☐ No ☐

# Please provide the Percentage of corpus that you wish to opt for lump sum withdrawals and purchase of annuity:

# Claimant can allocate any percentage of amounts to be invested in annuity scheme. (not applicable in case of Government Sector)

| % of corpus opted for lump sum withdrawal (Max 20% - for Government Subscriber) | Percentage of corpus opted for purchase of annuity (Min 80%- for Government Subscriber) | Total (100%) |
|---|---|---|
| | | |

### Section D - Claimant's Annuity Details - (Please refer instruction No. 10 & 11) (Not to be filled in case of complete withdrawal)

**Select Annuity Service Provider (please tick one of the below options as per your choice)**

- ☐ Bajaj Allianz Life Insurance Co. Ltd.
- ☐ Edelweiss Tokio
- ☐ ICICI Prudential Life Insurance Co. Ltd.
- ☐ Kotak Mahindra Life Insurance Co. Ltd.
- ☐ Max Life Insurance Co. Ltd.
- ☐ SBI Life Insurance Co. Ltd.
- ☐ TATA AIA Life Insurance Co. Ltd.
- ☐ Canara HSBC Oriental Bank of Commerce Life Insurance Co. Ltd.
- ☐ HDFC Life Insurance Co. Ltd.
- ☐ IndiaFirst Life Insurance Co. Ltd.
- ☐ Life Insurance Corporation of India
- ☐ PNB MetLife Insurance Co. Ltd.
- ☐ Star Union Dai-ichi Life Insurance Co. Ltd.

**Select Annuity Scheme (please tick one of the below options as per your choice)**

- ☐ Annuity for Life
- ☐ Annuity for Life, with return of purchase price on death
- ☐ Annuity for Life, with 100% annuity payable to spouse on death of annuitant
- ☐ Annuity for Life, with 100% annuity payable to spouse on death of annuitant, with return of purchase price
- ☐ NPS-Family Income option (Default annuity)(Mandatory For Government Sector Subscriber)
- ☐ Other (Please Specify) ____________________

**Select Annuity Frequency:** Please tick one of the below options as per your choice. (For Government Subscriber, annuity frequency is monthly only)

☐ Monthly ☐ Quarterly ☐ Half Yearly ☐ Annual

***Signature/Thumb Impression of the Claimant**
**(Signature of Guardian in case the Claimant is a minor)**

Date : / / and *In case of female right thumb Impression and in case of male left thumb Impression may be taken

### Section E - Subscriber's Family Member Details* (To be filled in case claimant has selected NPS-Family Income option)

Family Member Details for providing annuity.

| Sr.No | Details | Full Name | Aadhar/VID | PAN$ | Date of Birth |
|---|---|---|---|---|---|
| 1. | Spouse$ | | | | / / |
| 2. | Dependent Mother (if living) | | | | / / |
| 3. | Dependent Father (if living) | | | | / / |
| 4. | Child 1 (if living) | | | | / / |
| 5. | Child 2 (if living) | | | | / / |
| 6. | Child 3 (if living) | | | | / / |

**Note: In case of children being more than 3, please specify in an additional sheet.**

$Mandatory in case Claimant opts for NPS-Family Income option.

**"Declaration by the Claimant"**

I hereby declare and state that all the personal details provided by me in the form as above are true and correct to the best of my knowledge. I also agree that NPS Trust / CRA shall not be held responsible/liable for any losses or delays that may arise due to provision of incorrect details including details pertaining to bank account by me. Further, I authorize the National Pension System Trust(NPST)/ CRA to share informations pertaining to my withdrawal application with the Annuity Service Providers for facilitating the purchase of annuity in applicable cases as is required under NPS.

a. *I hereby declare that there is no order from the competent court restraining the payment from the NPS account of the deceased subscriber or to make the payment in favour of any other person*

b. *I will indemnify the CRA/PFRDA/NPS Trust for any loss or detriment that may be caused on account of settling the claim for withdrawal of accumulated pension wealth in my favour*

***Signature/Thumb Impression of the Claimant**
**(Signature of Guardian in case the Claimant is a minor)**

Date : / /

*In case of female right thumb Impression and in case of male left thumb Impression may be taken.

## ection F - Declaration & Attestation by Nodal Office

**TO BE FILLED/ATTESTED BY DDO/PAO/POP-SP**

1. I/we have verified the documents as submitted by the Claimant with the originals and authorized this application for processing of the claimant. It is certified that the details as provided in this application form are matching with the information available in the official reco by us. The complete information provided in this form including declaration and nomination details have been provided by the Claimant Sh/Smt/Ms. ______ after he / she havin entries / entries have been read over to him / her by me and got confirmed by him / her.
2. That all the contributions with respect to the Subscriber's NPS contribution and employer contribution have been transferred in to the PRAN Subscriber and no further contributions are pending at Nodal Officer level.(only for government nodal office)
3. That Identity of the Subscriber / Claimant is certified as provided in the withdrawal form above. The name of Subscriber / Claimant as mentioned on withdrawal form has been verified and can be accepted as final.
4. It is also certified that this office has not paid/received any family pension to the legal heir(s)/nominee(s) of the deceased subscriber and we don't have any objection for release of accumulated pension wealth to his/her claimant. (Applicable for government Sector subscribers only)
5. The bank account details of the Claimant as provided in bank details section have been checked and verified and the same can be accepted for payment

| | |
|---|---|
| Rubber Stamp of the DDO/POP-SP/NLCC | Signature of the Authorised Person |

DDO/POP-SP/NLCC Registration Number ______

Designation of the Authorised Person : ______ DDO/POP-SP/NLCC Office Name: ______

Date / /

| | |
|---|---|
| Rubber Stamp of the DTO/PAO/POP/Aggregator | Signature of the Authorised Person |

DTO/PAO/POP/ Aggregator Registration Number ______

Designation of the Authorised Person : ______ DTO/PAO/POP/Aggregator Office Name: ______

Date / M M / Y Y Y Y

**[As per Regulation 3(c) of PFRDA (Exits and Withdrawals) under Regulations, 2015]**
(To be filled in case of complete withdrawal)

**Request cum under taking form for withdrawal of total pension wealth due to death of Subscriber and/or where the total pension wealth is equal to or less than Rs. 5,00, 000/- in case of government sector Subscriber**

I ______ being a nominee/legal heir/guardian of minor nominee or minor heir of the deceased subscriber apply for the payment of the accumulated pension wealth of the deceased subscriber under the NPS and do hereby solemnly affirm and declare as under:

1. That I have been nominated as a nominee/is legal heir in respect of PRAN ______ of deceased subscriber Sh/Smt/Ku ______, under NPS. ______ .
2. That since the total amount receivable as benefits upon exit from NPS is Rs ______ which is less than/equal to the limit of Rs. 5,00,000/-, I/we understand that I am eligible to opt for withdrawal of the total pension wealth in the individual pension account of the deceased subscriber as per the provisions of the PFRDA (Exits and withdrawls from NPS) Regulations, 2015 as amended.
3. I/we accordingly hereby opt to withdraw complete pension wealth lying in the aforesaid PRAN account, as admissible and being the full and final benefits receivable by me/us.
   I also understand that with the aforesaid withdrawal, I or my family members shall not be entitled to receive any other or further benefits including annuities under the National Pension System (NPS) as stipulated under PFRDA (Exits and Withdrawals under the National Pension System) Regulations 2015, as amended.

**Date :**

**Place :**

***Signature/Thumb Impression of the Claimant**
**(Signature of Guardian in case the Claimant is a minor)**

*In case of female right thumb Impression and in case of male left thumb Impression may be taken.

| | | |
|---|---|---|
| Rubber Stamp of the DDO/POP-SP/NLCC | Signature of the DDO/POP-SP/NLCC | Date / / <br> Registration No. of DDO/POP-SP /NLCC |
| Rubber Stamp of the DTO/PAO/POP/Aggregator | Signature of the DTO/PAO/POP/Aggregator | Date / / <br> Registration No. of DTO/PAO/POP/ Aggregator |

*In case of female right thumb Impression and in case of male left thumb Impression may be taken.

**Declaration by the Proposer:** (Not to be filled in case of complete withdrawal)

I hereby declare that the foregoing statements and informations have been given by me after fully understanding the questions and the annuity options and the same are true, accurate and complete in every manner and respects and that I have not withheld or omitted to give any material information. I understand and agree that the statements in this proposal constitute warranties. I do hereby agree and declare that these statements and this declaration shall be the basis of the contract of assurance between me and Annuity Service Provider (Company) and that if there be any misstatement or suppression of material information or if any untrue Statement is contained therein or in case of fraud by me, which comes to the knowledge of the company at any future point of time, the said contract shall be treated as per provisions of Section 45 of the Insurance Act 1938 or any other applicable provisions, as amended from time to time.

I also understand and agree that the company shall additionally levy or recover all the applicable taxes like service tax, surcharges. cess etc. from the premiums which are necessitated by various enactments of central and/or state legislatures from time to time.

I understand that the contract will be governed by the provisions of the Insurance Act 1938, and other applicable laws in India and that the contract will not commence until a written acceptance of this proposal is issued by the company and that the benefits under the policy shall be subject to the terms and conditions contained in the contract. I also agree that the amount held in proposal/policy deposit shall not earn any interest.

I further state that the product features and terms and conditions of the policy have been thoroughly explained to me and having understood, I consent to the same.

I further understand that the final annuity amount would be subject to the actual corpus value to be utilised for purchase of annuity at the time of its issuance.

I also acknowledge and agree that the funds will not be returned to me in case I choose to cancel the policy under free look period. These funds will be payable by company directly to any other annuity scheme chosen by me which is authorized and approved under the prevalent regulations and applicable rules. Further, no interest will be payable to me on the funds held during this transition period.

I hereby authorize company to send information and servicing related communication regarding this proposal or resulting policy through Email/SMS/Phone Call.

I hereby authorize the company to provide me/our details to banks, financial institutions and third party service providers that the company may have tie-ups with, for verification of proposal details and for servicing of policies.

Signature of the witness

Signature / Left thumb Impression of the Proposer

Affix a recent self signed photograph

Name and Address of witness: ______________________

Place: ______________________

Date: DD/MM/YYYY

**Declaration when Proposal form is filled by person other than proposer/proposer signs in a vernacular language/proposer is illiterate**

(Not to be filled in case of complete withdrawal)

| | |
|---|---|
| I hereby state that I have read out and explained the contents of this proposal form and all other relevant documents to the proposer in ______________ language, that he/she/they undertook that he/she/they have understood the same and agree to abide by the terms and conditions of the resulting policy and have affixed his/her/their signature/thumb impression on the proposal form in my presence.<br><br>Signature of the person making the declaration<br><br>Name & Address ______________________<br><br>Place ______________ Date: DD/MM/YYYY | I/We state that the product details, contents of this form and relevant documents have been fully explained to me/us and that I/We have fully understood them. I/We certify that the replies in the proposal form have been recorded as per the information provided by me/us.<br><br>Signature / Left thumb Impression of the Proposer |

## അനുബന്ധം II

## പങ്കാളിത്ത പെൻഷൻ പദ്ധതി (NPS)

..................................................................(ഓഫീസിന്റെ പേര്) സേവനമനുഷ്ഠിച്ച വരവെ..............................................(DD-MM-YYYY) തിയ്യതിയിൽ മരണപ്പെട്ട ..................................................................... എന്നയാളുടെ ......................................... (DD-MM-YYYY) തിയ്യതി മുതൽ .................................................(DD-MM-YYYY) തിയ്യതി വരെയുള്ള എൻ.പി.എസ് സർക്കാർ വിഹിതം ട്രഷറിയിൽ നിന്നും നോമിനിയുടെ/അവകാശിയുടെ, ബാങ്ക്/TSB അക്കൗണ്ടിലേക്ക് (സർക്കുലർ നമ്പർ) പ്രകാരം ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് വേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തസ്തിക | : |
| സ്ഥാപനം | : |
| പെൻ | : |
| പ്രാൺ | : |
| ഡി.ഡി.ഓ രജിസ്ട്രേഷൻ നമ്പർ | : |
| അവസാന ശമ്പള ബില്ലിലെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ 10 % | : |
| നോമിനി/അവകാശിയുടെ പേര് | : |
| നോമിനി/അവകാശിയുടെ ഫോൺ നമ്പർ | : |
| നോമിനി/അവകാശിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ | : |
| ബാങ്കിന്റെ പേര്, ബ്രാഞ്ച് | : |
| ബ്രാഞ്ചിന്റെ ഐ.എഫ്.എസ്.സി | : |

(ഒപ്പ്) (ഒപ്പ്)

നോമിനി/അവകാശി ഡി.ഡി.ഒ

## സത്യവാങ്മൂലം

.......................................(ഓഫീസിന്റെ പേര്) സേവനമനുഷ്ഠിച്ച വരവെ........................... (DD-MM-YYYY) തിയ്യതിയിൽ മരണപ്പെട്ട .................................................... (പേര്, പെൻ) എന്നയാളുടെ മരണ സംബന്ധമായ വിവരം സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡി.ഡി.ഒ-യുടെ ഒപ്പ്

പേര്

പെൻ

(പ്രത്യേക ശ്രദ്ധക്ക്): ഇതോടൊപ്പം നോമിനി/അവകാശിയുടെ ഒരു അംഗീകൃത ID കാർഡ്, ബാങ്ക് പാസ്സ് ബുക്ക്/ചെക്ക് ലീഫ് എന്നിവയുടെ പകർപ്പ്, ജീവനക്കാരൻ/ജീവനക്കാരിയുടെ മരണ സർട്ടിഫിക്കറ്റ്, അവസാന ശമ്പള ബില്ല്/സാലറി സ്ലിപ് എന്നിവയുടെ പകർപ്പ് ഇവ കൂടി സമർപ്പിക്കേണ്ടതാണ്.

അനുബന്ധം 5

## <u>അനുബന്ധം III</u>

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണമടഞ്ഞ ----------------------- ന്റെ ---------------- (PRAN No) വിധവ/വിഭാര്യൻ ആയ ഞാൻ നാളിതുവരെ പുനർവിവാഹം കഴിച്ചിട്ടില്ലായെന്നും പുനർവിവാഹം ചെയ്യുന്ന പക്ഷം, എനിക്ക് ലഭിച്ചു വരുന്ന ആശ്വാസ ധനസഹായം നിർത്തൽ ചെയ്യുന്നതിനായി പുനർവിവാഹം ചെയ്ത വിവരം വിതരണാധികാരിയെ ഉടൻ തന്നെ അറിയിക്കുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

ഒപ്പ്:

പേര്:

തീയതി:

സ്ഥലം: